**കാണുന്നു ഞാൻ യാഹിൽ**
**എനിക്കാശ്രയമായൊരു ശാശ്വത പാറ കാണുന്നു**

1. സുസ്ഥിരമാനസനവനുമെൻ യാഹിൽ
ആശ്രയം വയ്ക്കുകിൽ അനുദിനം നാഥൻ
കാത്തിടുന്നവനെ നൽ സ്വസ്ഥതയോടെ
പാർത്തിവനവൻ തിരുകരങ്ങളിലെന്നും
–കാണുന്നു

2. കുന്നുകളകലും വൻ പർവതനിരയും
തന്നിടംവിട്ടു പിന്മാറിയെന്നാലും
നീങ്ങുകില്ലവൻ ദയ എന്നിൽ നിന്നതുപോൽ
നിലനില്ക്കും സമാധാന നിയമവും
നിത്യം - കാണുന്നു

3. ജ്വലിക്കിലുമവൻ കോപം ക്ഷണനേരം മാത്രം
നിലനില്ക്കും പ്രസാദമോ ജീവാന്ത്യത്തോളം
വസിക്കിലും നിലവിളി രാവിലെൻ കൂടെ
ഉദിക്കുമേ ഉഷസ്സതിൽആനന്ദഘോഷം - കാണുന്നു

4. ചെയ്‌വതില്ലവൻ നമ്മൾ പാപത്തിനൊത്തപോൽ
പ്രതിഫലമരുളുന്നില്ലകൃത്യങ്ങൾ ഗണിച്ചും
വാനമീഭൂവിൽ നിന്നുയർന്നിരി പ്പതുപോൽ
പരൻ ദയ ഭക്തർമേൽ വലിയതു തന്നെ
കാണുന്നു

5. ഒടിക്കുകില്ലവനേറ്റം ചതഞ്ഞതാം ഓട
കെടുക്കികില്ലവൻ തിരി പുക വമിക്കുകിലും
നടത്തും തൻ വിധി ജയം ലഭിക്കും നാൾ വരെയും
തളരാതെ അവൻ ഭൂവിൽ
സ്ഥാപിക്കും ന്യായം - കാണുന്നു

6. വഴിതാടാതവനെന്നെ കരങ്ങളിൽ കാത്തു
നിറുത്തും തൻ മഹിമയിൽ സവിധത്തിൽ നാഥൻ
കളങ്കമറ്റാനന്ദ പൂർണ്ണതയോടെ
ഭവിക്കട്ടെ മഹത്വമങ്ങവനെന്നും
ആമേൻ - കാണുന്നു

**Kanunnu njaan yaahil**
**Enikkasrayamaayoru saaswatha**
**paara –(Kaanunnu)**

1. Susthira maanasanevanumen yaahil
Aasrayam veykkukil anudhinam naadhan
Kaahidunavane nal swosthathayode
Paarthdivanavan thirukkaranggalilennum -Kaanunnu

2. Kunnukalakalum van parvathanirayum
Thannidam vittu pinmaarriyennaalum
Neenggukillavan daya ennil ninnathupol
Nilanilkkum samaadhaana niyamavum
nithyam - Kaanunnu

3. Jwolikkilumavan kopam kshenaneram maathram
Nilanikkum presaadamo jeevaanthyattholam
Vasikkilum nilavili raavilen koode
Udikkume ushassathil aanandaghosham -Kaanunnu

4. Cheyuvathillavan nammal paapatthinotthapol
Prethibhalamarulunnilla krithyanggal ganichhum
Vaanameebhuvil ninnuyamnirippathupol
Parandaya bhaktharmel valiyathu thanne - Kaanunnu

5. Odikkukillavanettam chathanjjathaam oda
Kodukkukillavan thiri puke vamikkilum
Nadatthum than vidhi jeyam lebhikkum naal vareyum
Thalaraatthe avan bhoovil sthaapikkum
nyaayam - Kaanunnu

6. Vazhuthidaathavanenne karanggalil kaatthu
Nirrutthum than mahimayil savidhatthil naadhan
Kalankamattananda poornnathayode
Bhavikkatte mahathwamanggavan
ennum aamen - Kaanunnu